# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം
2013 ഏപ്രിൽ 9, ചൊവ്വ
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 216)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | 3283 മുതൽ 3352 വരെ |
| റവന്യൂവും കയറും വകുപ്പുമന്ത്രി | 3353 മുതൽ 3412 വരെ |
| ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി | 3413 മുതൽ 3456 വരെ |
| പൊതുമരാമത്ത് വകുപ്പുമന്ത്രി | 3457 മുതൽ 3498 വരെ |

## കേന്ദ്രീയ വിദ്യാലയങ്ങളിലെ ഫീസ് വർദ്ധന

3283 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രീയ വിദ്യാലയങ്ങളിലെ ഫീസ് ഇരട്ടിയിലധികം വർദ്ധിപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര രൂപയാണ് ഒന്നുമുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് വർദ്ധിപ്പിച്ചതെന്ന് വിശദമാക്കാമോ;

(സി) ഈ ഫീസ് വർദ്ധന പുന:പരിശോധിക്കണമെന്ന അഭിപ്രായം സർക്കാരിനുണ്ടോ;

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

(ഡി) എങ്കിൽ ഇതിനകം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്താമോ;

(ഇ) ഇൻഡ്യൻ ഭരണഘടന വിഭാവനം ചെയ്യുന്ന സൗജന്യവും, സാർവ്വത്രികവും നിർബന്ധിതവുമായ വിദ്യാഭ്യാസ സമ്പ്രദായത്തിന് എതിരാണ് ഈ ഫീസ് വർദ്ധനവെന്ന് കേന്ദ്രസർക്കാരിനെ ബോധ്യപ്പെടുത്താൻ സാധിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

<u>സ്കൂളുകളിലെ ഒന്നാം ഭാഷ</u>

3284 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലയാള സ്കുളുകളിലെ ഒന്നാം ഭാഷയാക്കാൻ ഉത്തരവിറക്കിയത് എന്നാണെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതി പ്രാവർത്തികമാക്കാൻ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്;

(സി) പ്രസ്തുത തീരുമാനം നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ?

# കേരള നിയമസഭ
# 09.04.2013–ലെ മറുപടിക്ക്

<u>കേരള ഫ്യൂച്ചര്‍ സ്കൂള്‍സ്</u>

3285

ശ്രീ. സി. പി. മുഹമ്മദ്
,, ഹൈബി ഈഡന്‍
,, ആര്‍. സെല്‍വരാജ്
,, എ. റ്റി. ജോര്‍ജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 'കേരള ഫ്യൂച്ചര്‍ സ്കൂള്‍സ്' സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കില്‍ വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാം; വിശദാംശം നല്‍കുമോ;

(സി) സര്‍ക്കാര്‍ സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങള്‍ വര്‍ദ്ധിപ്പിക്കുവാനും ഇതിനായി വിഭവസമാഹരണം നടത്തുവാനും എന്തെല്ലാം കാര്യങ്ങളാണ് ഈ പരിപാടിയില്‍ ഉള്‍ക്കൊള്ളിച്ചിട്ടുള്ളത്; വിശദമാക്കുമോ?

# കേരള നിയമസഭ
# 09.04.2013–ലെ മറുപടിക്ക്

<u>കേരള ഫ്യൂച്ചർ സ്കൂൾ പദ്ധതി</u>

3286

ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ഫ്യൂച്ചർ സ്കൂൾ പദ്ധതി വിശദമാക്കാമോ ;

(ബി) ഈ പദ്ധതിയിലൂടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പരിപാടികൾ എന്തെല്ലാം ; എത്ര തുകയാണ് ഈ പദ്ധതിയ്ക്കായി നീക്കിവെച്ചത് ; വിശദമാക്കാമോ ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>സംസ്ഥാന പാഠ്യപദ്ധതി തകർക്കാൻ ഗൂഢാലോചന</u>

3287 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിനനുസൃതമായി സംസ്ഥാനത്ത് നടപ്പാക്കുകയും ദേശീയ അംഗീകാരം നേടുകയും ചെയ്ത സംസ്ഥാന പാഠ്യപദ്ധതി തകർക്കാൻ ഉന്നതതല ഗൂഢാലോചന ശ്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാന പാഠ്യപദ്ധതി എപ്രകാരമായിരിക്കണമെന്നാണ് കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയത്തിന്റെ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുള്ളത്; ആയത് നടപ്പിലാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുപോരുന്നു; വിശദമാക്കുമോ;

(സി) 2012 ജൂലൈ 19 ന് വിദ്യാഭ്യാസ വകുപ്പ് മന്ത്രി വിളിച്ച ഉന്നതാധികാരസമിതിയിൽ ഒന്നു മുതൽ 12 വരെയുള്ള പാഠ്യപദ്ധതി പരിഷ്കരിക്കുമെന്ന് പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ ഇതുവരെ എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ സാധിച്ചുവോ; വിശദമാക്കുമോ;

(ഡി) പരിഷ്കരണം എങ്ങനെ വേണമെന്ന് ആലോചിക്കാൻ ഡോ. സുകുമാരൻ നായർ അധ്യക്ഷനായ സമിതിയെ നിയോഗിച്ചതിനു ശേഷം അദ്ദേഹം അധ്യക്ഷനായി തുടരുന്നതിനിടയിൽ പ്രസ്തുത സമിതിയിൽ നിന്നും രാജി വയ്ക്കാനുള്ള കാരണം എന്തെന്ന് വ്യക്തമാക്കുമോ;

(ഇ) ഇപ്പോൾ പ്രസ്തുത സമിതിയുടെ അധ്യക്ഷനാരാണ്; ഇദ്ദേഹത്തിന്റെ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതകൾ എന്തൊക്കെയാണ്;

(എഫ്) 2013-14 അദ്ധ്യായനവർഷം ഒന്നു മുതൽ 12-ാം ക്ലാസു വരെയുള്ള വിദ്യാർത്ഥികളുടെ പാഠ്യപദ്ധതിയിൽ മാറ്റം വരുത്താനും ആയതിന്റെ അടിസ്ഥാനത്തിൽ ഏതൊക്കെ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ പുതുക്കാനും വേണ്ടി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

## വിദ്യാഭ്യാസ അവകാശ നിയമം

3288

## ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി അഞ്ചാം തരം എൽ.പി. വിഭാഗത്തിലേക്കും എട്ടാം തരം യു. പി. വിഭാഗത്തിലേക്കും മാറ്റണമെന്ന നിർദ്ദേശം കേരളത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടെങ്കിൽ അടുത്ത അധ്യയന വർഷം ആരംഭിക്കുന്നതിന് മുമ്പ് ഇതിന്റെ നടപടിക്രമങ്ങൾ പൂർത്തീകരിക്കുമോ;

(ബി) നിലവിൽ ഇതിന്റെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനം**

3289

ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിന് കീഴിലല്ലാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ എത്ര എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളാണുള്ളത്;

(ബി) അവ ഏതൊക്കെയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) ഇവിടങ്ങളിലെ അധ്യാപക അനധ്യാപക നിയമനം പി.എസ്.സി. ക്ക് വിട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ എന്ന് മുതലാണ് പി.എസ്.സി.ക്ക് വിട്ടത്;

(ഇ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനം പി.എസ്.സി.ക്ക് വിട്ടതിനു ശേഷം എത്ര ഒഴിവുകൾ ഉണ്ടായി; എത്ര എണ്ണത്തിൽ നിയമനം നടത്തി എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>മാസ്റ്റർ ട്രെയിനർമാരെ ഒഴിവാക്കിയ നടപടി</u>

3290

ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ.ടി. അറ്റ് സ്കൂളിൽ ജനുവരി 8 മുതൽ 16 വരെ നടന്ന പണിമുടക്കിൽ പങ്കെടുത്തതിന്റെ പേരിൽ മാസ്റ്റർ ട്രെയിനർമാരെ ഒഴിവാക്കിയിട്ടുണ്ടോ;

(ബി) ഒത്തുതീർപ്പ് വ്യവസ്ഥയുടെ ഭാഗമായി അവരെ ഐ.ടി. അറ്റ് സ്കൂളിൽ തിരികെ പ്രവേശിപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

എൻ. ഒ. സി. നൽകുന്നതിന് സ്വീകരിച്ചുവരുന്ന മാനദണ്ഡങ്ങൾ

3291

ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ സംസ്ഥാന സർക്കാരിനു മുന്നിൽ എൻ. ഒ. സി. ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് എത്ര സി. ബി. എസ്. ഇ., ഐ. സി. എസ്. ഇ. സ്കൂളുകളുടെ അപേക്ഷകളുണ്ടെന്നും അവ ഏതൊക്കെ സ്കൂളുകളാണെന്നും വിശദമാക്കാമോ;

(ബി) ഈ സ്കൂളുകൾക്ക് എൻ. ഒ. സി. നൽകുന്നതിന് നിലവിൽ സ്വീകരിച്ചുവരുന്ന മാനദണ്ഡങ്ങൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 09.04.2013–ലെ മറുപടിക്ക്

<u>മോഡൽ പാർലമെന്റ് മത്സര വിജയികൾക്ക്</u>
<u>ഗ്രേസ് മാർക്ക്</u>

3292 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2011–12 വർഷത്തിൽ മോഡൽ പാർലമെന്റ് മത്സരത്തിൽ വിജയികളായ എസ്. എസ്. എൽ. സി, പ്ലസ് ടൂ, വി. എച്ച്. എസ്.സി വിദ്യാർത്ഥികൾക്ക് ഗ്രേസ്മാർക്ക് നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

''ശിക്ഷാ വിശാരദ്'' കോഴ്സ്

3293 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ''അലഹബാദ് ഹിന്ദി സാഹിത്യ സമ്മേളൻ'' എന്ന ഹിന്ദി പഠന കേന്ദ്രം നടത്തുന്ന ''ശിക്ഷാ വിശാരദ്'' എന്ന കോഴ്സിന് എൻ.സി.റ്റി.ഇ അംഗീകരിച്ചിട്ടുള്ള കേരളത്തിലെ 3 കേന്ദ്രങ്ങൾ ഏതെല്ലാം എന്നും എവിടെയെല്ലാം എന്നും വ്യക്തമാക്കാമോ;

(ബി) ഹിന്ദി ശിക്ഷാ വിശാരദ് യോഗ്യത സംസ്ഥാനത്ത് എയ്ഡഡ് സ്കൂൾ ഹിന്ദി അധ്യാപക നിയമനത്തിന് പരിഗണിക്കുന്നത് സംബന്ധിച്ചും കോഴ്സ് പഠിച്ചിരിക്കേണ്ടത് എൻ.സി.റ്റി.ഇ അംഗീകരിച്ച കേന്ദ്രത്തിലായിരിക്കണം എന്നും വിശദീകരിക്കുന്ന ഉത്തരവുകളുടെ പകർപ്പ് വഭ്യമാക്കാമോ;

(സി) പ്രസ്തുത ജി.ഒ അനുസരിച്ച് തൃശ്ശൂർ ജില്ലയിൽ പ്രവർത്തിക്കുന്ന കേന്ദ്രങ്ങളിൽ 2005-06, 2006-07, 2007-08 വർഷങ്ങളിൽ ''ഹിന്ദി ശിക്ഷാ വിശാരദ്'' കോഴ്സ് പഠിച്ചിട്ടുള്ളവരുടെ പേര്, വിലാസം എന്നിവ വ്യക്തമാക്കാമോ;

(ഡി) 2006-07 മുതൽ 2012-2013 വരെ കാലയളവിൽ ഹിന്ദി ശിക്ഷാ വിശാരദ് യോഗ്യതയുള്ള എത്ര അധ്യാപകർക്ക് വിദ്യാഭ്യാസ വകുപ്പ് അംഗീകാരം നൽകിയിട്ടുണ്ട് എന്ന് ജില്ലാ വിദ്യാഭ്യാസ ഓഫീസ് തിരിച്ച് വ്യക്തമാക്കാമോ;

(ഇ) അംഗീകാരം നൽകിയിട്ടുള്ള അധ്യാപകരുടെ പേര് വിവരം, സ്കൂൾ, അംഗീകാരം നൽകികൊണ്ട് വിദ്യാഭ്യാസ ഓഫീസർ നൽകിയ ഉത്തരവിന്റെ പകർപ്പ്, പ്രസ്തുത അംഗീകാര ഫയലുകളിൽ അലഹബാദ് ഹിന്ദി സാഹിത്യ സമ്മേളൻ നൽകിയ യോഗ്യത സർട്ടിഫിക്കറ്റുകളുടെ നിർവ്യാജത്വ സർട്ടിഫിക്കറ്റിന്റെ പകർപ്പ് എന്നിവ ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

ബുദ്ധിവൈകല്യമുള്ള കുട്ടികളുടെ പ്രശ്നങ്ങൾ

3294 ശ്രീ. മുല്ലക്കര രത്നാകരൻ
'' ഇ. ചന്ദ്രശേഖരൻ
'' പി. തിലോത്തമൻ
'' ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബുദ്ധിവൈകല്യമുള്ള കുട്ടികളുടെ പ്രശ്നങ്ങൾ സംബന്ധിച്ചുള്ള പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) ഈ റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമാണ്; അവ അംഗീകരിച്ചിട്ടുണ്ടോ;

(സി) ഈ മേഖലയിൽ സംസ്ഥാനത്ത് എത്ര അൺ എയ്ഡഡ് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്; ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് ഏകീകൃത സിലബസ് ഏർപ്പെടുത്തൽ</u>

3295 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് ഏകീകൃത സിലബസ് 2013-14 അധ്യയന വർഷം മുതൽ നടപ്പിലാക്കുമോ;

(ബി) മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള ധനസഹായം വർദ്ധിപ്പിക്കാൻ ഉദ്ദേശമുണ്ടോ; വിശദമാക്കുമോ;

(സി) മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സിലബസ് ഏകീകരിക്കുവാൻ ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) 2013 - 14 അധ്യയന വർഷം മുതൽ മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് മറ്റുള്ള കുട്ടികൾക്ക് അനുവദിക്കപ്പെട്ടിട്ടുള്ളതുപോലെ കലോത്സവങ്ങളും കായികോത്സവങ്ങളും നടത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

ഓട്ടിസം, ബധിരത, കാഴ്ചക്കുറവ് തുടങ്ങിയ വൈകല്യങ്ങളുള്ള കുട്ടികൾക്ക് ഇൻക്ലൂസീവ് എഡ്യൂക്കേഷൻ

3296

ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓട്ടിസം, ബധിരത, കാഴ്ചക്കുറവ് തുടങ്ങിയ വൈകല്യങ്ങളുള്ള കുട്ടികൾക്ക് ഇൻക്ലൂസീവ് എഡ്യൂക്കേഷൻ നല്കണമെന്ന കേന്ദ്ര നിർദ്ദേശം സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര സ്ക്കൂളുകളിൽ നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം വിദ്യാർത്ഥികൾ പഠിക്കുന്ന സ്ക്കൂളുകളിൽ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള മാനദണ്ഡമെന്താണെന്ന് വിശദമാക്കുമോ; മാനദണ്ഡ പ്രകാരമുള്ള സ്ക്കൂളുകളിലെല്ലാം സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ടോ;

(സി) ഈ പദ്ധതി സെക്കന്ററി സ്ക്കൂളുകളിലേയ്ക്ക് വ്യാപിപ്പിക്കാനുള്ള കേന്ദ്ര നിർദ്ദേശം സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ എന്നു മുതലാണെന്നും എത്ര സ്ക്കൂളുകളിൽ നടപ്പാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) ഈ പദ്ധതിക്കായി പ്രതിവർഷം എന്തു തുക കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നുണ്ടെന്നും എത്ര തുക അതിൽ നിന്നും ചെലവിടുന്നുണ്ടെന്നതിന്റെയും കഴിഞ്ഞ അഞ്ചു വർഷത്തെ കണക്ക് നല്കാമോ?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

<u>സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്ക് അപകട ഇൻഷ്വറൻസ്</u>

3297 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ - കോളേജ് വിദ്യാർത്ഥികൾക്കായി അപകട ഇൻഷ്വറൻസ് പദ്ധതി നിലവിലുണ്ടോ;

(ബി) എങ്കിൽ പദ്ധതിയുടെ വിശദവിവരം ലഭ്യമാക്കുമോ;

(സി) ഇല്ലെങ്കിൽ പദ്ധതി നടപ്പിലാക്കുവാൻ തീരുമാനം കൈക്കൊള്ളുമോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>സ്കൂളുകളിലെ ശുദ്ധജല ലഭ്യത</u>

3298 ശ്രീ. വി. എസ്. സുനിൽ കുമാർ
,, കെ. രാജു
,, കെ. അജിത്
,, ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ശുദ്ധജല ലഭ്യത ഉറപ്പു വരുത്തിയിട്ടുണ്ടോ;

(ബി) ശുദ്ധജലം ലഭ്യമല്ലാത്ത വിദ്യാലയങ്ങളിൽ ജല ശുദ്ധീകരണത്തിനുള്ള ഉപകരണങ്ങൾ വാങ്ങി നൽകുമോ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>ശതാബ്ദി ആഘോഷിക്കുന്ന സ്കൂളുകൾക്കും കോളേജുകൾക്കും ധനസഹായ പദ്ധതി</u>

3299 ശ്രീ. ഷാഫി പറമ്പിൽ
,, എ. പി. അബ്ദുള്ളക്കുട്ടി
,, വി. റ്റി. ബൽറാം
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശതാബ്ദി ആഘോഷിക്കുന്ന സ്കൂളുകൾക്കും കോളേജുകൾക്കും ധനസഹായം നൽകുന്നതിന് പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 09.04.2013–ലെ മറുപടിക്ക്

<u>എസ്.എസ്.എ. വഴിയുള്ള സൗജന്യ യൂണിഫോം പദ്ധതി</u>

3300 **ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിൽ എസ്.എസ്.എ വഴി നടപ്പിലാക്കിയ സൗജന്യ യൂണിഫോം പദ്ധതിക്ക് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി എയ്ഡഡ് സ്കൂളുകളിൽ നടപ്പിലാക്കാൻ കേന്ദ്രസർക്കാരിൽ എന്തെങ്കിലും ഇടപെടലുകൾ നടത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

**കേരള നിയമസഭ**
**09.04.2013–ലെ മറുപടിക്ക്**

<u>എസ്.എസ്.എ യുടെ സ്റ്റാഫ് പാറ്റേൺ</u>

3301 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എ യുടെ സ്റ്റാഫ് പാറ്റേൺ വിശദമാക്കുമോ;

(ബി) ഇപ്പോൾ എത്ര ജീവനക്കാരാണ് എസ്.എസ്.എയിൽ ജോലി ചെയ്യുന്നത്; ഇവരുടെ തസ്തിക തിരിച്ചുള്ള ലിസ്റ്റ് നൽകുമോ;

(സി) എസ്.എസ്.എയ്ക്ക് സ്വന്തമായി എത്ര ജീവനക്കാരാണുള്ളത്; മറ്റുള്ള ജീവനക്കാരുടെ നിയമന മാനദണ്ഡം എന്തൊക്കെയാണെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

<u>അണ്‍ എയ്ഡഡ് സ്കൂളുകള്‍ക്ക് അംഗീകാരം</u>

3302

ശ്രീ. സി. ദിവാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം എത്ര അണ്‍ എയ്ഡഡ് സ്കൂളുകളെ എയ്ഡഡ് സ്കൂളുകളാക്കി ;

(ബി) എത്ര അണ്‍ എയ്ഡഡ് സ്കൂളുകള്‍ക്ക് അംഗീകാരം നല്‍കി ;

(സി) അണ്‍ എയ്ഡഡ് സ്കൂളുകളിലെ അധ്യാപകരടക്കം എത്ര പേര്‍ക്ക് സര്‍ക്കാര്‍ ശമ്പളം നല്‍കുന്നു; ഇതിനായി മൊത്തം എത്ര തുക ചെലവായി ; ഇപ്രകാരം ഒരു നടപടി എടുക്കുവാനുള്ള കാരണം എന്താണ് ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>പുതിയതായി പ്രീ-പ്രൈമറി ക്ലാസ്സുകൾ</u>

3303 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ/എയ്ഡഡ് മേഖലയിൽ പുതിയതായി പ്രീ-പ്രൈമറി ക്ലാസ്സുകൾ തുടങ്ങുന്നതിനും അദ്ധ്യാപകരെ നിയമിക്കുന്നതിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>നിയമന അംഗീകാരം</u>

3304 ശ്രീ. എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011 ഒക്ടോബർ മാസം പ്രഖ്യാപിച്ച അദ്ധ്യാപക പാക്കേജ് അനുസരിച്ച് വിദ്യാർത്ഥികളുടെ വർദ്ധനവ് വഴി 2011 മാർച്ച് 31 നു ശേഷം നിലവിൽ വന്ന പുതിയ ഡിവിഷനുകളിലേയ്ക്കുള്ള അദ്ധ്യാപകർക്ക് നിയമനം നൽകിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ നിയമന അംഗീകാരം നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) 2011 ജൂണിന് ശേഷം വിദ്യാർത്ഥികളുടെ ഔദ്യോഗിക കണക്കെടുപ്പ് (യു. ഐ. ഡി) നടത്തിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇതിന്റെ കാരണം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>അധ്യാപകരുടെ ഇന്റർ ഡിസ്ട്രിക്റ്റ് ട്രാൻസ്ഫർ</u>

3305

ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിലെ ഇന്റർ ഡിസ്ട്രിക്റ്റ് ട്രാൻസ്ഫർ ലിസ്റ്റിൽ മലപ്പുറം ജില്ലയിലെ ഏതെങ്കിലും സ്കൂളിൽ നിന്ന് അധ്യാപകർ ഇന്റർനെറ്റ് വഴി അപേക്ഷിക്കുകയും പകർപ്പ് ഹെഡ്മാസ്റ്റർക്ക് നൽകുകയും ചെയ്തിട്ടും ഹെഡ്മാസ്റ്ററുടെ കൃത്യവിലോപം കാരണം അപേക്ഷ യഥാസമയം മേലധികാരിക്ക് സമർപ്പിച്ചില്ല എന്ന പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഈ പരാതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്;

(സി) ഫുൾടൈം ജൂനിയർ ലാംഗേജ് ടീച്ചർ (ഹിന്ദി) തസ്തികയിൽ മലപ്പുറത്തു നിന്നും തിരുവനന്തപുരത്തേക്കുള്ള ട്രാൻസ്ഫർ ലിസ്റ്റിൽ കഴിഞ്ഞ 5 വർഷമായി ഒന്നാം റാങ്കുകാരനായിരുന്ന അധ്യാപകൻ ലിസ്റ്റിൽ നിന്നും ഒഴിവാക്കപ്പെട്ട കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത അധ്യാപകന്റെ പേര് വ്യക്തമാക്കുമോ; ടിയാനെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>ലാഭകരമല്ലാത്ത സ്കൂളുകള്‍</u>

3306 ശ്രീ. സി. ദിവാകരന്‍
,, കെ. രാജു
,, കെ. അജിത്
,, ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2011-12 വര്‍ഷത്തെ കണക്ക് പ്രകാരം സംസ്ഥാനത്ത് ലാഭകരമല്ലാതെ പ്രവര്‍ത്തിക്കുന്ന സ്കൂളുകളുടെ എണ്ണം എത്ര; ഇതില്‍ സര്‍ക്കാര്‍ സ്കൂളുകളും, എയ്ഡഡ് സ്കൂളുകളും എത്ര വീതമാണ്; ഇത് മുന്‍കാലങ്ങളെ അപേക്ഷിച്ച് ഇവയുടെ എണ്ണത്തില്‍ എന്ത് വ്യത്യാസമാണ് ഉണ്ടായിട്ടുള്ളത്;

(ബി) ലാഭകരമല്ലാത്ത സ്കുളുകളില്‍ എല്‍.പി. ഉള്‍പ്പെടെ ഓരോ വിഭാഗത്തിലുംപെട്ട സ്കൂളുകള്‍ എത്ര വീതമെന്ന് വെളിപ്പെടുത്തുമോ;

(സി) ലാഭകരല്ലാത്ത സ്കൂളുകള്‍ അടച്ചുപൂട്ടാന്‍ ഉദ്ദേശിക്കുന്നുണ്ടോ; എങ്കില്‍ സ്കൂളുകള്‍ ലാഭകരമല്ലാതാകുന്നതിന്റെ കാരണങ്ങള്‍ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

<u>തൊഴിൽ നഷ്ടമായ അനധ്യാപക ജീവനക്കാർ</u>

3307 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടികളുടെ കുറവു മൂലം സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ജോലി നഷ്ടമായ അനധ്യാപക ജീവനക്കാരെ സംരക്ഷിക്കുന്നതിന് സർക്കാർ തയ്യാറാക്കിയ പാക്കേജിൽ എത്ര പേർക്കാണ് സംരക്ഷണം ലഭിക്കുക എന്ന് വിശദമാക്കുമോ;

(ബി) 2006 മുതൽ ഇപ്രകാരം തൊഴിൽ നഷ്ടമായ എത്ര ജീവനക്കാരുണ്ട്;

(സി) ഇവരെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഡി) ഇവരെ മുൻകാല പ്രാബല്യത്തോടുകൂടി സംരക്ഷിക്കുമോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

## നോൺ ടീച്ചിംഗ് സ്റ്റാഫ്

3308 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 1997 മുതൽ 2010വരെ ജോലി നഷ്ടപ്പെട്ട് പുറത്ത് പോയ അദ്ധ്യാപകരേയും പ്രത്യേക പാക്കേജ് പ്രകാരം നോൺ ടീച്ചിംഗ് സ്റ്റാഫിനേയും സംരക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ ;

(ബി) 1997-2010 കാലയളവിനുള്ളിൽ ജോലി നഷ്ടപ്പെട്ട മുഴുവൻ നോൺ ടീച്ചിംഗ് സ്റ്റാഫിനേയും സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>അദ്ധ്യാപക ബാങ്ക്</u>

3309 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രൊട്ടക്ടഡ് അദ്ധ്യാപകരുള്ള സ്കൂളുകളിൽ പി.എസ്.സി. ഹാന്റ് ജോലിയിൽ പ്രവേശിക്കുമ്പോൾ പ്രൊട്ടക്ടഡ് അദ്ധ്യാപകരെ അദ്ധ്യാപക ബാങ്കിലേക്ക് മാറ്റാൻ 30.10.2012 ലെ ജി.ഒ. (പി) നം.354/12/പൊ.വി.വ. പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിലും പ്രത്യേക നിർദ്ദേശമില്ലാത്തതിനാൽ ഇത്തരം ഒഴിവുകൾ പി.എസ്.സി യെ അറിയിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) ഒഴിവ് റിപ്പോർട്ട് ചെയ്യാതെ പി.എസ്.സി. ആരെയും നിയമത്തിന് ശുപാർശ ചെയ്യില്ല എന്നതുകൊണ്ടും പ്രത്യേക നിർദ്ദേശം നൽകാതെ വിദ്യാഭ്യാസ വകുപ്പ് ഉദ്യോഗസ്ഥർ പ്രൊട്ടക്ടഡ് അദ്ധ്യാപകർ ജോലി നോക്കുന്നയിടങ്ങളിലേക്ക് പുതിയ ആളെ കിട്ടണമെന്ന് പി.എസ്.സി യോട് ആവശ്യപ്പെടുകയില്ല എന്നതുകൊണ്ടും ഇക്കാര്യത്തിൽ വ്യക്തമായ നിർദ്ദേശം നൽകുമോ?

## കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

<u>തസ്തികമാറ്റം വഴിയുള്ള പാർട്ട് ടൈം അദ്ധ്യാപക നിയമനം</u>

3310 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിലെ പാർട്ട് ടൈം അദ്ധ്യാപകർ പി. എസ്. സി വഴിയാണോ സർവ്വീസിൽ പ്രവേശിക്കുന്നത്;

(ബി) പാർട്ട് ടൈം അദ്ധ്യാപകർക്ക് ജനറൽ പ്രോവിഡന്റ് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) എച്ച്. എസ്. എസ്. റ്റി/എച്ച്. എസ്. എസ്.റ്റി (ജൂനിയർ) തസ്തികകളിലേക്ക് തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് യോഗ്യരായ പാർട്ട് ടൈം അദ്ധ്യാപകർക്ക് അപേക്ഷിക്കാൻ സാധിക്കുമെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

<u>സമഗ്രവിദ്യാഭ്യാസ പദ്ധതിയിൽ ഉൾപ്പെട്ട സ്കൂളുകൾ</u>

3311

ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ഏതെങ്കിലും സ്കൂളുകളെ സമഗ്ര വിദ്യാഭ്യാസ പദ്ധതി, സ്കൂൾ വികസന പദ്ധതി എന്നിവ നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ടോ ;

(ബി) അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാതെയും പഴകി ജീർണ്ണിച്ച കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതുമായ മണ്ഡലത്തിലെ സർക്കാർ സ്കൂളുകളിൽ പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിനായി നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>സ്കൂളുകളിലെ ലാബ് അസിസ്റ്റന്റുമാർ</u>

3312

ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിലെ ലാബ് അസിസ്റ്റന്റുമാർ ഔദ്യോഗികമായി നേരിടുന്ന വിഷമതകളെക്കുറിച്ച് സമർപ്പിച്ചിട്ടുള്ള നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ലാബ് അസിസ്റ്റന്റുമാരുടെ സർവ്വീസ് സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

ആർ.എം.എസ്.എ പദ്ധതി പ്രകാരം ഹൈസ്കൂളായി ഉയർത്തിയ സ്കൂളുകളിലെ അദ്ധ്യാപകരുടെ ശമ്പളം

3313 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർ.എം.എസ്.എ. പദ്ധതി പ്രകാരം ഹൈസ്കൂളായി ഉയർത്തിയ സ്കൂളുകളിലെ അദ്ധ്യാപകരുടെ ശമ്പളം ഇടയ്ക്കിടെ മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്കൂളുകളിലെ അദ്ധ്യപകരുടെ ശമ്പളം ട്രഷറി വഴി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ; ഇതിന് എന്തെങ്കിലും സാങ്കേതിക തടസ്സമുണ്ടോ; വിശദമാക്കുമോ ;

(സി) ആർ.എം.എസ്.എ. ഹൈസ്കൂളുകളിൽ ഇംഗ്ലീഷ്, അറബിക്, സംസ്കൃതം, ഉർദു എന്നീ ഭാഷാദ്ധ്യാപക തസ്തിക സൃഷ്ടിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>തലശ്ശേരി മണ്ഡലത്തിൽ ചെലവഴിച്ച തുക</u>

3314 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-2013 സാമ്പത്തിക വർഷത്തിൽ തലശ്ശേരി അസംബ്ലി മണ്ഡലത്തിൽ ഓരോ വിദ്യാഭ്യാസ സ്ഥാപനത്തിനും വിദ്യാഭ്യാസ വകുപ്പിൽ നിന്നും ഏതെല്ലാം പ്രവൃത്തികൾക്ക് എത്ര തുക വീതം വകയിരുത്തിയെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ എന്തു തുക ചെലവഴിച്ചെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

വിദ്യാഭ്യാസ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം

3315

ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം ഗ്രാമപഞ്ചായത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ അധീനതയിൽ എത്ര ഏക്കർ സ്ഥലമാണുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സ്ഥലം വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ഒരു കളിസ്ഥലം സ്ഥാപിക്കുന്നതിന് ഉപയോഗിക്കാൻ തയ്യാറാകുമോ;

(സി) ഇതിന്റെ നിർമ്മാണത്തിനായി എം. എൽ. എ. യുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗപ്പെടുത്താൻ തടസ്സമുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

<u>എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റുകളിലെ തെറ്റ് തിരുത്തൽ</u>

3316 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിലെ ജനനതീയ്യതി ഉൾപ്പെടെയുള്ള തെറ്റുകൾ തിരുത്തുന്നതിന് ജില്ലാ തലങ്ങളിൽ അദാലത്തുകൾ സംഘടിപ്പിച്ചിട്ടും കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കണ്ണൂർ ജില്ലയിൽനിന്നും പ്രസ്തുത ആവശ്യത്തിലേയ്ക്കായി കഴിഞ്ഞവർഷം എത്ര അപേക്ഷകൾ ലഭിച്ചു; ഇതിൽ എത്ര എണ്ണം, ഏത് തീയതി വരെ ലഭിച്ച അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ചു;

(സി) സർട്ടിഫിക്കറ്റുകൾ വേഗത്തിൽ തെറ്റ് തിരുത്തി നല്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>സര്‍ക്കാര്‍ സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങള്‍</u>

3317 ശ്രീ. കെ. ദാസന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം സര്‍ക്കാര്‍ സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങള്‍ മെച്ചപ്പെടുത്തുന്നതിന് നടപ്പിലാക്കിയ പദ്ധതികള്‍ എന്തെല്ലാം; ഓരോ പദ്ധതിയ്ക്കും നീക്കിവെച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതികള്‍ ഓരോന്നിന്റെയും പുരോഗതി വ്യക്തമാക്കാമോ;

(സി) സര്‍ക്കാര്‍ നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതികളില്‍ കൊയിലാണ്ടി നിയോജക മണ്ഡലത്തില്‍ നടപ്പിലാകുന്നത് ഏതെല്ലാം; പുരോഗതി വ്യക്തമാക്കാമോ ;

(ഡി) 2013-14 വര്‍ഷത്തില്‍ വിദ്യാഭ്യാസ മേഖലയില്‍ നടപ്പിലാക്കാന്‍ ഉദ്ദേശിച്ചിട്ടുള്ള പ്രധാന പദ്ധതികള്‍ ഏതെല്ലാം; ഓരോ പദ്ധതിയ്ക്കും നീക്കിവെച്ച തുക എത്ര ?

# കേരള നിയമസഭ
# 09.04.2013–ലെ മറുപടിക്ക്

ഹയർസെക്കന്ററി സ്കൂളുകളിൽ ആന്ത്രപ്പോളജി പഠനവിഷയമാക്കുന്നതിന് നടപടി

3318 ശ്രീ.റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി കോഴ്സുകളിൽ ആന്ത്രപ്പോളജി (നരവംശശാസ്ത്രം) ഉൾപ്പെടുന്ന കോമ്പിനേഷൻ എത്ര വിദ്യാലയങ്ങളിലാണുള്ളത്; ആന്ത്രപ്പോളജി പഠിപ്പിക്കുന്ന എത്ര ജൂനിയർ, സീനിയർ അദ്ധ്യാപകരാണുള്ളത്;

(ബി) ആന്ത്രപ്പോളജിയിൽ ബിരുദാനന്തര ബിരുദവും ഡോക്ടറേറ്റും നേടിയ ഉദ്യോഗാർത്ഥികൾക്ക് കേരളത്തിൽ ഏതൊക്കെ മേഖലയിലാണ് തൊഴിൽ അവസരങ്ങളുള്ളത്;

(സി) ആന്ത്രപ്പോളജിയിൽ ബിരുദമുള്ള ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ അവസരങ്ങൾ കുറവായതിനാൽ കൂടുതൽ ഹയർസെക്കന്ററി സ്കൂളുകളിൽ ഇതുമായി ബന്ധപ്പെട്ട കോമ്പിനേഷൻ പാഠ്യവിഷയമാക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

## <u>പ്രിൻസിപ്പാൾമാരുടെയും അധ്യാപകരുടെയും ഒഴിവുകൾ</u>

3319 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പ്രിൻസിപ്പാൾമാർ ഇല്ലാത്ത എത്ര ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകൾ ഉണ്ടെന്ന് അറിയിക്കുമോ;

(ബി) ജില്ലയിലെ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകളിൽ എത്ര തസ്തികകളാണ് അനുവദിച്ചിട്ടുള്ളത് എന്നും അവയിൽ എത്ര ഒഴിവുകൾ ഉണ്ടെന്നും ആകെ എത്ര ഗസ്റ്റ് അദ്ധ്യാപകർ ജോലി ചെയ്യുന്നുണ്ടെന്നും അറിയിക്കുമോ;

(സി) ജില്ലയിലെ ഗവൺമെന്റ് ഹയർസെക്കന്ററി സ്ക്കൂളുകളിൽ ആവശ്യമായ എല്ലാ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ അവ എപ്പോൾ സൃഷ്ടിക്കുമെന്നും അറിയിക്കുമോ;

(ഡി) പ്രിൻസിപ്പാൾമാരുടെയും അധ്യാപകരുടെയും ഒഴിവുകൾ നികത്തുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

ഹയർസെക്കന്ററി അദ്ധ്യാപകരുടെ നിയമനത്തിന് അംഗീകാരം

3320 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലുള്ള മേലൂരിലെ സെന്റ് ജോസഫ്സ് എച്ച്.എസ്.-ൽ ഹയർ സെക്കന്ററി അദ്ധ്യാപകരുടെ നിയമനത്തിന് അംഗീകാരം നൽകുന്നതിന് എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ;

(ബി) നിയമന അംഗീകാരത്തിനായി പ്രസ്തുത സ്കൂളിലെ അദ്ധ്യാപകർ സമർപ്പിച്ച അപേക്ഷ പരിഗണനയിലുണ്ടോ;

(സി) നിയമന അംഗീകാരത്തിനായി അടിയന്തര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>ഹയർ സെക്കന്ററി സ്കൂളുകളിൽ മലയാളം കോഴ്സ്</u>

3321 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി സ്കൂളുകളിൽ മലയാളം കോഴ്സ് ആവശ്യമുള്ള സ്ഥലങ്ങളിൽ അത് അനുവദിക്കുന്നത് സംബന്ധിച്ച നിലപാട് വിശദമാക്കുമോ;

(ബി) കോഴിക്കോട് ജില്ലയിലെ ഏതെല്ലാം സ്കൂളുകളുടെ കാര്യത്തിൽ മലയാളം അനുവദിച്ച് കിട്ടുന്നതിന് വേണ്ടി വിദ്യാർത്ഥികളുടെ ആവശ്യം ഉയർന്നു വന്നിട്ടുണ്ട്;

(സി) പുറമേരി കെ.ആർ.എച്ച് സ്കൂളിൽ മലയാളം അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) മലയാളം അനുവദിക്കാതിരിക്കുന്നത് മൂലം വിദ്യാർത്ഥികൾ നേരിടുന്ന പ്രയാസം മനസ്സിലാക്കി വേണ്ട നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

**വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലെ അടിസ്ഥാന സൗകര്യം**

3322 ശ്രീ. സി. പി. മുഹമ്മദ്
,, കെ. അച്ചുതൻ
,, വി. പി. സജീന്ദ്രൻ
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ അടിസ്ഥാന സൗകര്യം ഉയർത്തുന്നതിന് പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ</u>
<u>അദ്ധ്യാപക- അനദ്ധ്യാപക തസ്തികകൾ</u>

3323 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൊക്കേഷണൽ ഹയർ സെക്കന്ററി കോഴ്സുകൾ ആരംഭിച്ചപ്പോൾ വിദ്യാലയങ്ങളിൽ എത്ര കോഴ്സുകളും ബാച്ചുകളും അനുവദിച്ചിരുന്നു എന്ന് വിശദമാക്കാമോ;

(ബി) ഇപ്പോൾ എത്ര കോഴ്സുകളും ബാച്ചുകളും വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ നിലവിലുണ്ടെന്ന് അവ അനുവദിച്ച ഉത്തരവുകൾ സഹിതം വിശദമാക്കാമോ;

(സി) പുതുതായി കോഴ്സുകൾ അനുവദിക്കുമ്പോൾ അദ്ധ്യാപക- അനദ്ധ്യാപക തസ്തികകൾ സ്കൂളുകളിൽ അനുവദിച്ച് ഉത്തരവാകാറുണ്ടെങ്കിലും അനുപാതികമായി ഡയറക്ടർ ഓഫീസിലും അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിലും തസ്തികകൾ അനുവദിക്കാത്തതുമൂലം പ്രസ്തുത ഓഫീസുകളിൽ അധിക ജോലി ഭാരം ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സ്കൂളുകൾക്ക് ആനുപാതികമായി ഡയറക്ടർ ഓഫീസിലും അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിലും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കാനുള്ള നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>ഹയർ സെക്കന്ററി ജൂനിയർ - സീനിയർ പ്രൊമോഷൻ</u>

3324 ശ്രീ. എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഹയർസെക്കണ്ടറിയിലെ യോഗ്യത നേടിയ ജൂനിയർ അദ്ധ്യാപകരെ സീനിയറായി പ്രമോട്ട് ചെയ്യണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ട് അദ്ധ്യാപക സംഘടനകൾ നിവേദനം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) ഹയർ സെക്കണ്ടറി സ്പെഷ്യൽ റൂൾസ് അനുസരിച്ച് എച്ച്.എസ്.എസ്.റ്റി സീനിയർ തസ്തിക മുഴുവനും അതേ ഡിപ്പാർട്ടുമെന്റിലെ യോഗ്യത നേടിയ ജൂനിയർ അദ്ധ്യാപകരുടെ പ്രമോഷൻ തസ്തികയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>പുതിയ ഹയർസെക്കണ്ടറി അദ്ധ്യാപക തസ്തികകൾ</u>

3325 ശ്രീ. സി. എഫ്. തോമസ്
,, മോൻസ് ജോസഫ്
,, റ്റി.യു. കുരുവിള

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പുതുതായി കൂടുതലായി അനുവദിച്ച ഹയർ സെക്കന്ററി ബാച്ചുകളിലെ അദ്ധ്യാപക തസ്തികകളിൽ ജോലി ചെയ്തു വരുന്ന അദ്ധ്യാപകരുടെ നിയമനങ്ങൾ പങ്കാളിത്ത പെൻഷൻ സ്കീമിലൂടെയാണോ അംഗീകരിക്കപ്പെടുന്നത്; എങ്കിൽ നിയമനത്തിനുള്ള പ്രായപരിധി ഉയർത്തി നിലവിൽ ജോലി ചെയ്യുന്ന ഇവരെ സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

ഹയർ സെക്കന്ററി സ്കൂളിൽ ലൈബ്രേറിയൻ തസ്തിക

3326

ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഹയർ സെക്കന്ററി സ്കൂളുകളിൽ ലൈബ്രേറിയൻ തസ്തിക സൃഷ്ടിക്കാനുള്ള നിർദ്ദേശം പരിഗണനയിൽ ഉണ്ടോയെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
# 09.04.2013–ലെ മറുപടിക്ക്

<u>ആശ്രിത നിയമനം</u>

3327 ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ കൊല്ലാട്ടുപണയിൽ വീട്ടിൽ എസ്. ജിബിന് ആശ്രിതനിയമനം ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേൽ നാളിതുവരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 20.3.10 ലെ എ2/10421/10/ആർഡിസ് ഫയലിന്മേലുള്ള അന്തിമതീരുമാനം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ശ്രീ. ജിബിന് എന്ന് നിയമനം ലഭിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

<u>മലബാർ മേഖലയിൽ അനുവദിച്ച ഹയർ സെക്കന്ററി സ്കൂളുകൾ</u>

3328 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുസ്ലീംങ്ങളുടെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി മലബാർ മേഖലയിൽ 178 ഹയർ സെക്കന്ററി സ്കൂളുകൾ അനുവദിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചത് എന്നാണ്;

(ബി) ഒരു ഹയർ സെക്കണ്ടറി സ്കൂളിൽ ഒരു സയൻസ് ബാച്ചിന് എത്ര ലാബ് അസിസ്റ്റന്റുമാരെ വീതമാണ് നിയമിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) മലബാറിൽ അനുവദിച്ച 178 സ്കൂളുകളിൽ നിശ്ചിത എണ്ണത്തിലും കുറവായാണ് ലാബ് അസിസ്റ്റന്റ് തസ്തികകൾ അനുവദിച്ചതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ കുറവ് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>മദ്രസ്സാ വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുന്നതിന് പദ്ധതി</u>

3329 ശ്രീ. ഇ.പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മദ്രസ്സാ വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുന്നതിനും മദ്രസ്സകളിലൂടെ ശാസ്ത്രസാങ്കേതിക വിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതിനുമായി എസ്.പി.ക്യൂ.ഇ.എം പദ്ധതിയിൽ ഉൾപ്പെടുത്തി 2012-13 സാമ്പത്തിക വർഷത്തിൽ എത്ര തുക കേന്ദ്ര വിഹിതമായി ലഭിക്കുകയുണ്ടായി;

(ബി) പ്രസ്തുത തുക സംസ്ഥാനത്തെ ഓരോ ജില്ലയിലും എത്ര വീതം ലഭ്യമാക്കിയെന്നു വ്യക്തമാക്കുമോ;

(സി) ഏത് ഏജൻസി മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ പദ്ധതിക്ക് സാമ്പത്തിക സഹായം നൽകുന്നതിന് നിശ്ചയിക്കപ്പെട്ടിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>ഗ്ലോബൽ എഡ്യൂക്കേഷൻ മീറ്റ്</u>

3330 ശ്രീ. ജോസഫ് വാഴക്കൻ
,, കെ. മുരളീധരൻ
,, കെ. ശിവദാസൻ നായർ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്ലോബൽ എഡ്യൂക്കേഷൻ മീറ്റ് നടത്താൻ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയ്ക്കായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

<u>കോളേജ് ഇംപ്രൂവ്മെന്റ് പ്രോഗ്രാം</u>

3331

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, കെ. മുരളീധരൻ
,, കെ. ശിവദാസൻ നായർ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോളേജ് ഇംപ്രൂവ്മെന്റ് പ്രോഗ്രാം ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഏതെല്ലാം കോളേജുകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) എൻ.എ.എ.സി. റേറ്റിംഗ് ലഭിക്കുന്നതിന് പ്രസ്തുത പ്രോഗ്രാം എത്രമാത്രം സഹായകരമാകും എന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>സ്വകാര്യ സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾ</u>

3332 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര സ്വകാര്യ സ്വാശ്രയ പ്രൊഫഷണൽ കോളേജുകളാണ് ഉള്ളത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കോളേജുകളിലെ ആകെ സീറ്റുകളുടെ എണ്ണം കോഴ്സ് തിരിച്ച് വ്യക്തമാക്കുമോ; ഇതിൽ എത്ര സീറ്റുകളാണ് മെറിറ്റിൽ ഉളളത്; കോഴ്സ് തിരിച്ചു വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ വന്നതിനു ശേഷം സംസ്ഥാനത്ത് എത്ര പുതിയ സ്വകാര്യ സ്വാശ്രയ കോളേജുകൾക്ക് എൻ.ഒ.സി നൽകിയിട്ടുണ്ട്; ഇതിൽ എത്ര കോളേജുകൾ ആരംഭിച്ചു;

(ഡി) പുതിയ സ്വകാര്യ പ്രൊഫഷണൽ കോളേജുകൾ ആരംഭിക്കാൻ എത്ര അപേക്ഷകളാണ് ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലുളളത്;

(ഇ) പുതിയ പ്രൊഫഷണൽ കോളേജുകൾ ആരംഭിക്കുന്നത് സംബന്ധിച്ച സർക്കാരിന്റെ നയമെന്താണെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

'വോക്ക് വിത്ത് സ്കോളർ പദ്ധതി'

3333 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, പി. എ. മാധവൻ
,, എം. പി. വിൻസെന്റ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബിരുദ വിദ്യാർത്ഥികളുടെ അഭിരുചി കണ്ടെത്തി അവരെ പ്രോത്സാഹിപ്പിക്കുന്നതിനായി 'വാക്ക് വിത്ത് സ്കോളർ' പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങളെന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിക്കായി എന്തെല്ലാം കാര്യങ്ങൾ നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

കോളേജസ് ഇൻഫ്രാസ്ട്രക്ച്ചർ അപ്ഗ്രഡേഷൻ പ്രോഗ്രാം

3334 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
'' ഡൊമിനിക് പ്രസന്റേഷൻ
'' വി. ഡി. സതീശൻ
'' ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോളേജസ് ഇൻഫ്രാസ്ട്രക്ച്ചർ അപ്ഗ്രഡേഷൻ പ്രോഗ്രാം തുടങ്ങാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഏതെല്ലം കോളേജുകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നത്;

(ഡി) കോളേജുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

<u>സർക്കാർ കോളേജുകൾ ഇല്ലാത്ത നിയമസഭാ മണ്ഡലങ്ങൾ</u>

3335 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ കോളേജുകൾ ഇല്ലാത്ത നിയമസഭാ മണ്ഡലങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) സർക്കാർ കോളേജുകളില്ലാത്ത മണ്ഡലങ്ങളിൽ പുതിയതായി കോളേജുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ ഇതിന്റെ നടപടിക്രമങ്ങൾ വിശദമാക്കുമോ ?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

<u>കോളേജുകൾക്ക് സ്വയംഭരണാധികാരം</u>

3336 ശ്രീ.ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോളേജുകൾക്ക് സ്വയംഭരണാധികാരം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ നടപടികൾ ആരംഭിച്ചുവോ; വിശദാംശം വ്യക്തമാക്കാമോ;

(സി) എന്തെല്ലാം കാര്യങ്ങളിലാണ് സ്വയംഭരണാധികാരം നൽകുന്നത്;

(ഡി) സർവ്വകലാശാലകളുടെയോ, സർക്കാരിന്റെയോ മേൽനോട്ടവും നിയന്ത്രണവും ഏതെല്ലാം കാര്യങ്ങളിലാണെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

<u>വിദ്യാർത്ഥികൾക്ക് കെ. പി. സി. ആർ. ആനുകൂല്യം</u>

3337 ശ്രീ. എം. വി. ശ്രേയാംസ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോളേജ് തലത്തിൽ പഠിക്കുന്ന ഒ. ബി. സി. വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് കെ. പി. സി. ആർ. ആനുകൂല്യം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) കൽപ്പറ്റയിലെ എൻ. എം. എസ്. എം. കോളേജിലെ ബി. എ. മാസ് കമ്മ്യൂണിക്കേഷൻ, ഡവലപ്മെന്റ് ഇക്കണോമിക്സ് എന്നീ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രസ്തുത ആനുകൂല്യം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ ;

(സി) പ്രസ്തുത വിദ്യാർത്ഥികൾക്ക് കെ. പി. സി. ആർ. ആനുകൂല്യം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സ് ഡവലപ്മെന്റിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന കോളേജുകൾ</u>

3338 ശ്രീ.എം.ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സ് ഡവലപ്മെന്റിന്റെ കീഴിൽ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന എഞ്ചിനീയറിംഗ് കോളേജുകളുടെയും മറ്റ് സ്ഥാപനങ്ങളുടെയും ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഐ.എച്ച്.ആർ.ഡി യുടെ കീഴിലുള്ള സ്ഥാപനങ്ങളിൽ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു പരിഹരിക്കാനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഒറ്റപ്പാലം നിയമസഭാമണ്ഡലത്തിൽ ഐ.എച്ച്.ആർ.ഡി കോളേജ് ആരംഭിക്കുവാനുള്ള പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; എന്നത്തേയ്ക്ക് പ്രവർത്തനം ആരംഭിക്കാൻ കഴിയും എന്ന് പറയാമോ; വിശദാംശം നൽകാമോ?

# കേരള നിയമസഭ
## 09.04.2013–ലെ മറുപടിക്ക്

**<u>കൊട്ടാരക്കരയിലെ ഐ.എച്ച്.ആർ.ഡി എഞ്ചിനീയറിംഗ് കോളേജിന് പുതിയ കെട്ടിടം</u>**

3339 ശ്രീമതി പി. അയിഷാപോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കരയിലെ ഐ.എച്ച്.ആർ.ഡി എഞ്ചിനീയറിംഗ് കോളേജിന് പുതിയ കെട്ടിടനിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണ നിർവ്വഹണം ആരിലാണ് നിക്ഷിപ്തമാക്കിയിരിക്കുന്നത്;

(സി) നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ ?

# കേരള നിയമസഭ
## 09.04.2013–ലെ മറുപടിക്ക്

ചെറുവത്തൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്

3340 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചെറുവത്തൂർ ടെക്നിക്കൽ ഹൈസ്കൂളിലെ വിശാലമായ ക്യാമ്പസ് ഉപയോഗിച്ച് പ്രസ്തുത സ്ഥലത്ത് ഒരു ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

<u>രാജക്കാട് വാഹനാപകടം</u>

3341 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിനോദയാത്രയ്ക്കിടെ വെള്ളനാട് സാരാഭായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജിയിലെ വിദ്യാർത്ഥികൾ ഇടുക്കി ജില്ലയിലെ രാജാക്കാട്ട് വാഹന അപകടത്തിൽ മരിച്ചത് സംബന്ധിച്ച് പ്രസ്തുത കോളേജ് പ്രിൻസിപ്പലിന്റെ പ്രതികരണം ശ്രദ്ധയിൽപ്പെട്ടോ; വിശദമാക്കുമോ;

(ബി) കുട്ടികളുടെ താത്പര്യങ്ങൾക്ക് എല്ലാ പ്രോൽസാഹനവും കൊടുക്കുകയും ഏതെങ്കിലും അപകടം നടന്നാൽ ഉത്തരവാദിത്തത്തിൽ നിന്നും ഒഴിഞ്ഞുമാറുകയും ചെയ്യുന്ന കോളേജ് അധികൃതരുടെ സമീപനത്തിനെതിരെ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു;

(സി) പ്രസ്തുത കോളേജിലെ ഇലക്ട്രിക്കൽ ആന്റ് ഇൻസ്ട്രുമെന്റേഷൻ അവസാനവർഷ വിദ്യാർത്ഥികളായ 43 വിദ്യാർത്ഥികളിൽ 39 പേർ വിനോദയാത്രയ്ക്ക് പുറപ്പെടുമ്പോൾ അതേക്കുറിച്ച് ഒന്നും അറിയില്ലായെന്ന കോളേജ് അധികൃതരുടെ സമീപനം ഉത്തരവാദിത്വപരമാണോ; പ്രസ്തുത കോളേജിനെതിരെ എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുവോ; വ്യക്തമാക്കുമോ;

(ഡി) വിനോദയാത്രയ്ക്കിടെ മരണപ്പെട്ട 7 വിദ്യാർത്ഥികളുടെ ഫീസിനത്തിലും അല്ലാതെയും അവർ അടച്ച മുഴുവൻ തുകയും കോളേജ് അധികൃതരിൽ നിന്നും വാങ്ങി പ്രസ്തുത കുടുംബങ്ങൾക്ക് നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഇ) പരിക്കേറ്റ് ചികിൽസയിൽ കഴിയുന്ന മുഴുവൻ കുട്ടികളുടെയും ചെലവ് പ്രസ്തുത കോളേജ് അധികൃതരിൽ നിന്നുംഈടാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

## കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

(എഫ്) വിനോദയാത്ര നടത്തുന്നതു സംബന്ധിച്ച് സർവ്വകലാശാല അംഗീകരിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നിലവിൽ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ജി) അപകടങ്ങളുടെ പശ്ചാത്തലത്തിൽ പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ കർശനമാക്കാൻ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ തയ്യാറാക്കിയ ശുപാർശകൾ സർക്കാരിന് സമർപ്പിച്ചുവോ; എങ്കിൽ എന്തെല്ലാമാണ് പുതിയ നിർദ്ദേശങ്ങൾ എന്ന് വെളിപ്പെടുത്തുമോ; പുതിയ നിർദ്ദേശങ്ങൾ എപ്പോൾ മുതൽ നടപ്പാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>രാജക്കാട് വാഹനാപകടം</u>

3342 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2013 മാർച്ച് 25-ാം തീയതി ഇടുക്കി-രാജക്കാട് വച്ചുണ്ടായ വാഹനാപകടത്തിൽ തിരുവനന്തപുരം ജില്ലയിലെ വെള്ളനാടുള്ള സാരാഭായി എഞ്ചിനീയറിംഗ് കോളേജിലെ വിദ്യാർത്ഥികൾ മരണമടഞ്ഞതു സംബന്ധിച്ച് പ്രസ്തുത കോളേജിലെ പ്രിൻസിപ്പൽ, മാനേജ്മെന്റ് എന്നിവർ സ്വീകരിച്ച നിരുത്തരവാദപരമായ സമീപനത്തിനെതിരെ വിദ്യാഭ്യാസ വകുപ്പ് കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്നു വിശദമാക്കാമോ ?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

<u>സാരാഭായ് എഞ്ചിനീയറിംഗ് കോളേജിലെ പരീക്ഷ മാറ്റിവയ്ക്കുന്നതിന് നടപടി</u>

3343 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 മാർച്ച് 25-ാം തീയതി ഇടുക്കി - രാജക്കാട് വച്ചുണ്ടായ വാഹനാപകടത്തിൽ തിരുവനന്തപുരം വെള്ളനാട് സാരാഭായ് എഞ്ചിനീയറിംഗ് കോളേജിലെ വിദ്യാർത്ഥികൾ മരണപ്പെടുകയും, നിരവധി വിദ്യാർത്ഥികൾക്ക് പരിക്കേൽക്കുകയും ചെയ്തതു കാരണം പ്രസ്തുത വിദ്യാർത്ഥികൾ എഴുതേണ്ട അവസാനവർഷ ബി-ടെക് പരീക്ഷ മാറ്റിവയ്ക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് സർക്കാരിനോ, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയ്ക്കോ കോളേജ് അധികൃതരിൽ നിന്ന് നിവേദനം ലഭിച്ചിട്ടുണ്ടോ; മറ്റാരിൽ നിന്നെങ്കിലും പ്രസ്തുത വിഷയം സംബന്ധിച്ച് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 09.04.2013–ലെ മറുപടിക്ക്

<u>സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ പുതിയ വിദ്യാലയങ്ങൾ</u>

3344 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ പുതിയ വിദ്യാലയങ്ങൾ വേണമെന്ന് കരുതുന്നുണ്ടോ; ഉണ്ടെങ്കിൽ മറ്റ് സംസ്ഥാനങ്ങളിൽ ഉള്ളതും കേരളത്തിൽ ഇല്ലാത്തതുമായ മേഖലയിൽ പുതിയ കോഴ്സുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ടെക്സ്റ്റൈൽ ടെക്നോളജി, ലെതർ ടെക്നോളജി, പ്രിന്റിംഗ് ടെക്നോളജി, നാനോ ടെക്നോളജി മുതലായ മേഖലകളിൽ ബി.ടെക് കോഴ്സുകൾ ആരംഭിക്കുമോ;

(സി) സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ ഏതെല്ലാം പുതിയ കോഴ്സുകളാണ് വേണ്ടത് എന്നത് സംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

<u>അഡ്വൈസ് മെമ്മോ ലഭിച്ച ശേഷം നിയമന ഉത്തരവ് ലഭിക്കാത്തവർ</u>

3345

ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ നിലവിലുള്ള ഒഴിവുകളിലേയ്ക്കുള്ള നിയമനത്തിന് അഡ്വൈസ് മെമ്മോ ലഭിച്ച എത്ര പേർക്ക് നിയമനം നൽകാൻ ബാക്കിയുണ്ട്; ഇവർക്ക് അഡ്വൈസ് മെമ്മോ നൽകിയതെന്നാണ്;

(ബി) എഞ്ചിനീയറിംഗ് കോളേജുകളിൽ ആർക്കിടെക്ചറൽ എഞ്ചിനീയറിംഗിൽ അദ്ധ്യാപക നിയമനത്തിന് അഡ്വൈസ് മെമ്മോ ലഭിച്ച എത്ര പേർക്ക് നിയമനം നൽകാൻ ബാക്കിയുണ്ട്;

(സി) പങ്കാളിത്ത പെൻഷൻ ബാധകമാകുന്ന തീയതിക്ക് മുൻപ് നിയമനം ലഭിക്കണമെങ്കിൽ നിലവിൽ അഡ്വൈസ് മെമ്മോ ലഭിച്ചവർ ഉന്നതങ്ങളിൽ സാമ്പത്തികമായി സ്വാധീനിച്ചാൽ മാത്രമെ നടക്കൂയെന്ന പത്രവാർത്തകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നിലവിലുള്ള ഒഴിവുകളിലേയ്ക്ക് നേരത്തേ അഡ്വൈസ് മെമ്മോ ലഭിക്കുകയും പങ്കാളിത്ത പെൻഷൻ ബാധകമാകുന്നതിന് മുൻപ് നിയമനം ലഭിക്കാതിരിക്കുകയും ചെയ്താൽ ഇവർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷൻ ആനുകൂല്യത്തിന് അർഹതയുണ്ടാകുമോ?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

ആലപ്പുഴ ജില്ലയിൽ പോളിടെക്നിക്കുകൾ

3346 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ എത്ര പോളിടെക്നിക്കുകൾ ഉണ്ട്; വ്യക്തമാക്കുമോ;

(ബി) ജില്ലയിൽ വിദ്യാർത്ഥി അനുപാതം അടിസ്ഥാനമാക്കി പുതിയ പോളിടെക്നിക്ക് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 09.04.2013–ലെ മറുപടിക്ക്

<u>യു.ജി.സി. ലൈബ്രേറിയന്‍ പോസ്റ്റ്</u>

3347 **ശ്രീ. കെ. രാജു**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഉന്നതവിദ്യാഭ്യാസ വകുപ്പിനു കീഴിലെ ലൈബ്രേറിയന്‍മാരുടെ നിലവാരം നിര്‍ണ്ണയിക്കുന്നത് ആരാണെന്ന് വ്യക്തമാക്കുമോ;

(ബി) കേരളത്തിലെ മുഴുവന്‍ ഗവണ്‍മെന്റ് കോളേജുകളിലും യു.ജി.സി. ലൈബ്രേറിയന്‍ പോസ്റ്റ് അനുവദിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കില്‍ എത്ര കോളേജുകളില്‍ അനുവദിച്ചിട്ടുണ്ടെന്നും ഏവ ഏതെല്ലാം കോളേജുകളിലാണെന്നും വ്യക്തമാക്കുമോ; മുഴുവന്‍ കോളേജുകളിലും അനുവദിക്കാത്തതിന്റെ കാരണങ്ങള്‍ വ്യക്തമാക്കുമോ;

(ഡി) എയ്ഡഡ് മേഖലയിലെ മുഴുവന്‍ കോളേജുകളിലും ജി.ഒ (എം.എസ്) 50/2008 എച്ച്.ഇ.ഡി.എന്‍ തീയതി 9.5.08 എന്ന ഉത്തരവ് പ്രകാരം 2004 മുതല്‍ മുന്‍കാല പ്രാബല്യത്തോടെ യു.ജി.സി ലൈബ്രേറിയന്‍ പോസ്റ്റ് അനുവദിക്കുകയും ഗവണ്‍മെന്റ് കോളേജുകളില്‍ പ്രസ്തുത പോസ്റ്റിന്റെ ഗ്രേഡ് താഴ്ത്തുകയും ചെയ്ത നടപടി മാനദണ്ഡങ്ങള്‍ക്ക് വിരുദ്ധവും പക്ഷപാതപരവും ഭരണഘടനാപ്രകാരം മൗലികാവകാശങ്ങളുടെ ലംഘനവുമാണെന്ന ആരോപണം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ ആയത് പരിഹരിക്കുന്നതിനുള്ള സത്വരനടപടികള്‍ സ്വീകരിക്കുമോ; വിശദാംശങ്ങള്‍ നല്‍കുമോ?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

<u>സി-ആപ്റ്റ് ജീവനക്കാരുടെ ശമ്പള പരിഷ്കരണം</u>

3348

ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സി-ആപ്റ്റ് ജീവനക്കാരുടെ വേതനം പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) സി-ആപ്റ്റിലെ ജീവനക്കാരുടെ വേതനം പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട ശുപാർശയിൽ നിലവിലുള്ളതും പരിഷ്കരിക്കുവാൻ ശുപാർശ ചെയ്തിട്ടുള്ളതുമായ ശമ്പള സ്കെയിലുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പുതുക്കിയ ശമ്പള നിരക്ക് എന്നുമുതൽ പ്രാബല്യത്തിൽ വരും; ഇതിന് മുൻകാല പ്രാബല്യമുണ്ടാകുമോ; ഉണ്ടെങ്കിൽ എന്നുമുതലായിരിക്കുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>സംസ്ഥാന അവാർഡ് നിധി</u>

3349 ശ്രീ. ഷാഫി പറമ്പിൽ
,, വർക്കല കഹാർ
,, ജോസഫ് വാഴക്കൻ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകൾക്കായി സംസ്ഥാന അവാർഡുനിധി ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) നിധിയിലേക്കുള്ള ധനസമാഹരണം എങ്ങനെ നടത്താനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) സർവ്വകലാശാലകൾക്ക് എന്തെല്ലാം സഹായങ്ങളാണ് നിധിയിൽ നിന്നും നൽകുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 09.04.2013–ലെ മറുപടിക്ക്

<u>യൂണിവേഴ്സിറ്റി ഭൂമി പാട്ടത്തിനു നൽകിയ നടപടി</u>

3350 ശ്രീ. പി. ശ്രീരാമകൃഷ്ണൻ
,, എ. പ്രദീപ്കുമാർ
,, പി. റ്റി. എ. റഹീം
,, ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെങ്കിലും യൂണിവേഴ്സിറ്റി ഏതെങ്കിലും സ്വകാര്യ സ്ഥാപനങ്ങൾക്കും ഏജൻസികൾക്കുമായി ഭൂമി പാട്ടത്തിന് നൽകാൻ തിരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) ഇതു സംബന്ധിച്ച പരാതികളോ കേസുകളോ നിലവിലുണ്ടോ; എങ്കിൽ ആരുടെയൊക്കെ പേരിൽ; ഏതെല്ലാം കേസുകളെന്ന് വ്യക്തമാക്കുമോ;

(സി) കോഴിക്കോട് സർവ്വകലാശാല ഭൂമി പാട്ടത്തിന് നൽകിയതു സംബന്ധിച്ച് വിജിലൻസ് കോടതി അന്വേഷണത്തിനുത്തരവിട്ട പരാതികൾ എന്തെല്ലാമാണ്;

(ഡി) ഇതു സംബന്ധിച്ച് അന്വേഷണങ്ങൾ നടത്തിയിട്ടുണ്ടോ; കണ്ടെത്തലുകൾ എന്താണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 09.04.2013-ലെ മറുപടിക്ക്

<u>സാഹിത്യാചാര്യ കോഴ്സ് വിജയിച്ച വിദ്യാർത്ഥികൾക്ക്</u>
<u>ബി. എ. ഹിന്ദി ബിരുദം</u>

3351 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ഹിന്ദി പ്രചാരസഭയുടെ സാഹിത്യാചാര്യ എന്ന കോഴ്സ് വിജയിച്ച വിദ്യാർത്ഥികൾ, കേരള സർവ്വകലാശാലയുടെ ബി.കോം ഡിഗ്രി പരീക്ഷ വിജയിച്ചാൽ പ്രസ്തുത വിദ്യാർത്ഥികൾക്ക് ബി. എ - ഹിന്ദി ബിരുദം നൽകുന്ന സമ്പ്രദായം ഇപ്പോൾ നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത വിദ്യാർത്ഥികൾക്ക് ബി. എ. - ഹിന്ദി ബിരുദം ലഭിക്കാൻ വിദ്യാർത്ഥി ഏതെങ്കിലും പരീക്ഷയുടെ ഏതെങ്കിലും പാർട്ട് എഴുതി ജയിക്കേണ്ടതുണ്ടോ;

(സി) ഉണ്ടെങ്കിൽ ആയതു സംബന്ധിച്ച എല്ലാ വിശദാംശങ്ങളും ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 09.04.2013-ലെ മറുപടിക്ക്

<u>സാക്ഷരതാമിഷൻ പ്രേരക്മാരുടെ ഓണറേറിയം</u>

T 3352 ശ്രീ.എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാക്ഷരതാമിഷന്റെ ആഭിമുഖ്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ധനസഹായത്തോടെ പ്രവർത്തിക്കുന്ന പ്രേരക്മാരുടെ ഓണറേറിയം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) വർഷങ്ങളായി ജോലി നോക്കുന്ന പ്രേരക്മാരുടെ ജോലി സ്ഥിരതയ്ക്കും മറ്റ് ആനുകൂല്യങ്ങൾക്ക് അർഹത ലഭിക്കുന്നതിനും എന്തെല്ലാം നടപടി സ്വീകരിച്ചുവരുന്നുവെന്നറിയിക്കുമോ?